റോഡു വക സ്ഥലം കയ്യേറുന്നത് തടയാൻ നടപടി

67 (2864)ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡു വക സ്ഥലങ്ങളിൽ വൻതോതിൽ അനധികൃതമായി കയ്യേറ്റങ്ങൾ നടത്തുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ തടയുന്നതിനായി എന്തെങ്കിലും നടപടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) റോഡു വക സ്ഥലം അളന്ന് തിട്ടപ്പെടുത്തി അവിടെയുണ്ടാകുന്ന കയ്യേറ്റങ്ങൾ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) സർക്കാർ ഭൂമിയിലെ അനധികൃതമായ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ തടയുന്നതിനും ഉടനടി ഒഴിപ്പിക്കുന്നതിനും, ജില്ലാ കളക്ടർമാരും, ബന്ധപ്പെട്ട മറ്റ് റവന്യൂ ഉദ്യോഗസ്ഥൻമാരും സദാ ജാഗരൂകരായിരിക്കേണ്ടതാണെന്നും, ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ കർശനമായി സ്വീകരിക്കേണ്ടതാണെന്നും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

പുറമ്പോക്ക് ഭൂമി കയ്യേറ്റം

68 (2865)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കൂടലങ്ങാടി പാലത്തിനു സമീപം എത്രസ്ഥലമാണ് പി.ഡബ്ലിയു.ഡി. പുറമ്പോക്ക് സ്ഥലമായി ഉള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സ്ഥലം കൈയ്യേറിയത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ സ്ഥലം മലപ്പുറം ജില്ലാ രൂപീകരണത്തിനുമുമ്പ് ഒറ്റപ്പാലം സബ്കളക്ടർ 31.3.1964-ലെ അവാർഡ് നമ്പർ 6/64 പ്രകാരം പൊന്നും വിലയ്ക്ക് എടുത്തതാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 28.4.1965-ൽ 1021 ബി നമ്പറായി '74'സെന്റ് സ്ഥലം ഏറ്റെടുത്തിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 1996 ഡിസംബർ 12 ന് സർവ്വേ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഭൂമി അളന്നു തിട്ടപ്പെടുത്തിയിട്ടുള്ള ഈ ഭൂമിയാണ് കയ്യേറിയിട്ടുള്ളത് എന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) ഭൂമി കൈയേറ്റത്തെ സംബന്ധിച്ച് നാട്ടുകാർ അയച്ച പരാതിയിൻമേൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ജി) സർക്കാരിന്റെ പൊന്നുംവിലയ്ക്കെടുത്തിട്ടുള്ള ഭൂമി കൈയേറിയവരിൽ നിന്ന് ഭൂമി തിരിച്ചുപിടിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4.49 ഏക്കർ സ്ഥലം

(ബി)-(ഡി)ഉണ്ട്.

(ഇ) 1996 ഡിസംബർ 12 ന് മലപ്പുറം ജില്ലാ സർവ്വേ സൂപ്രണ്ട് നടത്തിയ പരിശോധനയിൽ സർവ്വേ റിക്കാർഡുകളിൽ ചില തെറ്റുകൾ ഉള്ളതായി കാണുകയും പ്രസ്തുത തെറ്റ് തിരുത്തിയതിനുശേഷം നടത്തിയ പരിശോധനയിൽ 0.0043 ഹെക്ടർ സ്ഥലം കൈയേറ്റം ഉള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(എഫ്) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലം അളന്ന് പരിശോധിച്ചതിൽ 0.0043 ഹെക്ടർ സ്ഥലം കൈയേറ്റമുള്ളതായി ബോദ്ധ്യപ്പെടുകയും കൈയേറ്റം ഒഴിപ്പിക്കുന്നതിനായി ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്.

(ജി) ഭൂസംരക്ഷണ നിയമമനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

റവന്യൂ കാർഡ് വിതരണം

69 (2866) ശ്രീ. കെ. ബാബു :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കാർഡ് തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും കാർഡു വിതരണം എത്രനാൾകൊണ്ടു പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിന് ആവശ്യമായ ചെലവ് എത്രയാണ്;

(ഡി) കാർഡിന്റെ വിതരണം താമസിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല

(ബി) ഈ വർഷംതന്നെ റവന്യൂ കാർഡു വിതരണം ആരംഭിക്കാനും എത്രയും വേഗം പൂർത്തിയാക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(സി) കൃത്യമായ ചെലവ് കണക്കാക്കിയിട്ടില്ല.

(ഡി) റവന്യൂ കാർഡ് ചട്ടങ്ങൾ രൂപീകരിച്ചു കഴിഞ്ഞാലുടൻ കാർഡ് വിതരണം ചെയ്യാനുള്ള നടപടികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly